(ബി) പേഴ്സണൽ സ്റ്റാഫിൽപ്പെട്ട അംഗങ്ങൾക്ക് ടെർമിനൽ സറണ്ടർ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) 26-10-2003-ൽ ടെർമിനൽ ലീവ് സറണ്ടർ നിർത്തലാക്കിക്കൊണ്ട് സർക്കാർ സർക്കുലറോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ടെർമിനൽ ലീവ് സറണ്ടർ തീർപ്പാക്കാതെ എത്ര കേസുകൾ പെന്റിംഗിലുണ്ടെന്നു കൂടി വ്യക്തമാക്കുമോ;

(ഡി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്നതുപോലെ ടെർമിനൽ ലീവ് സറണ്ടർ പുനഃസ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇരുപതു ദിവസത്തെ ലീവ് സറണ്ടർ പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(എഫ്) ഇരുപതു ദിവസം ലീവ് സറണ്ടർ ആവശ്യപ്പെട്ട് പേഴ്സണൽ സ്റ്റാഫ് നൽകിയ അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വേഗത്തിൽ തീർപ്പാക്കാൻ എന്തു നടപടിയാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആനുകൂല്യങ്ങളൊന്നും റദ്ദ് ചെയ്തിട്ടില്ല.

(ബി) 16-10-2003-ലെ സർക്കുലർ 85/03/ധന. നം. പ്രകാരം താൽക്കാലിക ജീവനക്കാർ, കോൺട്രാക്ട് അടിസ്ഥാനത്തിലും പുനർനിയമന വ്യവസ്ഥയിലും നിയമിക്കപ്പെട്ടവർ എന്നിവർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യം ലഭിക്കുന്നതല്ല. അതനുസരിച്ച് പേഴ്സണൽ സ്റ്റാഫിൽ ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് ടെർമിനൽ സറണ്ടർ ലഭിക്കുകയില്ല. മേൽ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ധനവകുപ്പിന്റെ 12-7-2004-ലെ ജി.ഒ.(പി) 324/2004/ധന.നം. ഉത്തരവ് പ്രകാരം 20 ദിവസം ഏൺഡ് ലീവ് സറണ്ടർ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ തീർപ്പാക്കിവരുന്നു.

5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ

13 [2493] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 അദ്ധ്യയനവർഷത്തിൽ സൂപ്പറാനേഷനിൽ റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് 5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത അദ്ധ്യാപകർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ വിധി എന്തായിരുന്നു;

(സി) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ പോയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) സൂപ്പറാനേഷൻ കാലത്ത് നടപ്പിലാക്കുന്ന ഡി.എ. വർദ്ധന, ശമ്പള പരിഷ്ക്കരണം, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ പ്രസ്തുത അദ്ധ്യാപകർക്ക് നിഷേധിക്കുന്നതെന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഇ) മാർച്ച് 31-ന് വിരമിക്കുന്ന അദ്ധ്യാപകർ പേപ്പർ വാലേഷൻ, മാർക്ക് ലിസ്റ്റ്, പ്രമോഷൻ ലിസ്റ്റ്, എന്നിവ തയ്യാറാക്കുന്നതും മറ്റുമായി ബന്ധപ്പെട്ട് ഏപ്രിൽ-മെയ് മാസങ്ങളിൽ സ്കൂളിൽ ജോലി ചെയ്യേണ്ടിവരുന്നതിനാൽ വിദ്യാലയ വർഷം നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ ആനുകൂല്യം നിഷേധിക്കപ്പെടുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) 1996-1997 അദ്ധ്യയന വർഷം സൂപ്പറാനേഷനിൽ റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് 5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. പാർട്ട് 1 ചട്ടം 60 (C) പ്രകാരം വിദ്യാലയ വർഷത്തിന്റെ അവസാനം വരെ സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുള്ള അദ്ധ്യാപകർക്ക് പെൻഷൻ പ്രായം പൂർത്തിയായ ശേഷമുള്ള തീയതി പ്രാബല്യത്തിലുള്ള ശമ്പള പരിഷ്ക്കരണത്തിന് അർഹതയില്ല. ഇക്കാര്യം 15-12-2000-ലെ സ.ഉ. (പി) 1552/2000/ധന. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 1996-1997 അദ്ധ്യയന വർഷത്തിൽ മേൽപ്രകാരം സർവ്വീസിൽ തുടർന്നവർക്ക് അവർ 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിൽ വാങ്ങിയ ശമ്പളത്തിനും അലവൻസിനും മാത്രമാണ് അർഹതയുള്ളത്.

(ബി) 31-3-1997-ൽ കെ.എസ്.ആർ. പാർട്ട് 1 ചട്ടം 60 (C) പ്രകാരം റിട്ടയർ ചെയ്ത ചില അദ്ധ്യാപകർ 1-3-1997 മുതൽ അനുവദിച്ച ശമ്പളപരിഷ്ക്കരണവും ഗ്രേഡ് ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ ഹർജിക്കാരുടെ ആവശ്യം അനുവദിക്കാൻ ഹൈക്കോടതി ഉത്തരവായി.

(സി) ഉണ്ട്. SLP (C) 17525-27/2003 നമ്പരായി സുപ്രീംകോടതിയിൽ ഫയൽ ചെയ്ത പ്രത്യേകാനുമതി ഹർജിയിൽ ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ബഹു. സുപ്രീംകോടതി 6-10-2003-ൽ ഉത്തരവായിട്ടുണ്ട്.

(ഡി) K.S.R. പാർട്ട് 1 ചട്ടം 60 (C) പ്രകാരം 55 വയസ്സ് പൂർത്തിയായതിനു ശേഷം അക്കാദമിക്ക് വർഷാവസാനം വരെ തുടരുന്ന അദ്ധ്യാപകർക്ക് 55 വയസ്സ് പൂർത്തിയാക്കുന്ന മാസം വാങ്ങുന്ന ശമ്പളത്തിനും അലവൻസിനും മാത്രമാണ് അർഹതയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിലുള്ള നിയമ പ്രകാരം മാർച്ച് 31-ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് ഏപ്രിൽ മാസം മുതൽ പെൻഷന് മാത്രമാണ് അർഹതയുള്ളത്. K.S.R. പാർട്ട് 1, ചട്ടം 60 (C) പ്രകാരം മാർച്ച് 31-ന് വരെ തുടരുന്നവർക്ക് 55 വയസ്സ് പൂർത്തിയാക്കുന്ന മാസം വാങ്ങുന്ന ശമ്പളവും അലവൻസിനും മാത്രമാണ് അർഹതയുള്ളത്. 55 വയസ്സ് പൂർത്തിയാകുന്ന തീയതിയ്ക്ക് ശേഷം നടപ്പിലാക്കുന്ന ശമ്പള പരിഷ്ക്കരണത്തിന് അവർ അർഹരല്ല.

(എഫ്) സുപ്രീംകോടതിയുടെ അന്തിമ വിധി അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

പാരിസ്ഥിതിക പ്രശ്നങ്ങൾ

14 [2494] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. ബാബു:

" ഡൊമിനിക് പ്രസന്റേഷൻ:

" അടൂർ പ്രകാശ്:

" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എത്ര വർഷങ്ങളായി മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുന്ന പ്രതിഭാസം സംസ്ഥാനത്ത് അനുഭവപ്പെടുന്നു;

(ബി) ഇത് സൃഷ്ടിച്ച പരിസ്ഥിതി പ്രശ്നത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(സി) തണ്ണീർതടങ്ങൾ നികത്തുക, കുളങ്ങളും കിണറുകളും മൂടുക, മരങ്ങൾ വെട്ടുക മുതലായവ സംസ്ഥാനത്തെ പരിസ്ഥിതിയെ എപ്രകാരം ബാധിച്ചു എന്നത് സംബന്ധിച്ച് പഠനം നടത്തുകയും പ്രതിവിധി കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) നദിയിൽ നിന്നും മണൽ വാരുക, പാറ പൊട്ടിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വൻതോതിൽ മേൽമണ്ണ് നീക്കം ചെയ്യുക തുടങ്ങിയ നടപടികൾ സംസ്ഥാനത്തിന്റെ പരിസ്ഥിതിയെ തകരാറിലാക്കിയിട്ടുണ്ടോ;

(ഇ) ഇക്കാര്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) 1999 മുതൽ മഴയുടെ ലഭ്യതയിൽ കുറവു കാണുന്നുണ്ടെങ്കിലും ചൂട് ഗണ്യമായ തോതിൽ വർദ്ധിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly